## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2226

09.03.2018 ലെ മറുപടിയ്ക്ക്

### ജപ്തിഭീഷണി നേരിടുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർ

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഭവന നിർമ്മാണത്തിനുള്ള ഭൂമിവാങ്ങുന്നതിനും, ഭവന നിർമ്മാണത്തിനും, കൃഷി ഭൂമി വാങ്ങുന്നതിനും, പെൺമക്കളുടെ വിവാഹത്തിനുമായി കിടപ്പാട ത്തിന്റെ ആധാരം പണയപ്പെടുത്തി സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും, കോർപ്പറേഷനുകളിൽ നിന്നും വായ്പ എടുത്ത് തിരിച്ച ടയ്ക്കാൻ കഴിയാതെ ജപ്തി ഭീഷണിയും, കുടിയിറക്ക് ഭീഷണിയും നേരിടുന്ന പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ; | (എ), | ശേഖരിച്ചിട്ടില്ല. |
| (ബി) | ജപ്തിഭീഷണി നേരിടുന്ന പ്രസ്തുത വിഭാഗക്കാരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഒരു ലക്ഷം രൂപവരെയുള്ള കടബാധ്യത എഴുതി തള്ളുന്നതിന് പദ്ധതി നിലവിലുണ്ട്. 31-03-2010 നകം വായ്പാ തിരിച്ചടവ് കാലാവധി അവസാനിച്ചതും സഹകരണ ബാങ്കുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വാങ്ങിയതുമായ വായ്പാ കുടിശ്ശിക യുള്ളവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. പട്ടികവർഗ്ഗ വിഭാഗത്തിൽ 31-03-2014 ൽ വായ്പാ തിരിച്ചടവ് കാലാവധി കഴിഞ്ഞ വായ്പകൾക്കും മേൽ ആനുകൂല്യം ലഭിക്കുന്നതാണ്. |
| (സി) | അത്തരം വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ